TB Movie Panel Review

Silence

ഹേമന്ത് മധുകർ ഒരുക്കിയ നാലാമത്തെ ചിത്രമാണ് നിശബ്ദം/Silence .

A Flat , Vastadu Naa Raju , Mumbai 125 km എന്നിവയായിരുന്നു മുൻ ചിത്രങ്ങൾ . തെലുഗ് , തമിഴ് , മലയാളം ഭാഷകളിലായാണ് ചിത്രം റിലീസ് ചെയ്തത് .

ചിത്രത്തിന്റെ ടീസർ കണ്ടപ്പോൾ ഹൊറർ മൂവി ആയിരിക്കും എന്നു കരുതി . പക്ഷെ ചിത്രം ഒരു ക്രൈം ത്രില്ലർ ആയിരുന്നു.

അമേരിക്കയിലെ Seattle നഗരത്തിൽ 1972ൽ പീറ്ററും ഭാര്യയും വുഡ്ഹൗസ് വില്ല എന്ന ഒരു ഹോണ്ടെഡ് വില്ലയിൽ ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെടുന്നു . തുടർന്ന് ആ വീട് പ്രേതഭവനം ആയി അറിയപ്പെടുന്നു . മഹാ (അഞ്ജലി ) എന്ന പോലീസ് ഓഫീസറുടെ നറേഷനിലൂടെ കഥ തുടങ്ങുന്നു .

46 വർഷങ്ങൾക്ക് ശേഷം ആ വീട്ടിൽ താമസത്തിനെത്തിയ സാക്ഷി (അനുഷ്ക ) ആന്റണി (മാധവൻ ), ഇവരിൽ ഒരാൾ കൊല്ലപ്പെടുന്നു . സാക്ഷി മൂകയും ബധിരയുമായ ഒരു പ്രശസ്ത ചിത്രകാരിയും ആന്റണി പ്രശസ്ത മ്യൂസിഷ്യനും ആണ് . കൊലപതകിയെ കണ്ടെത്തുന്നതിനുള്ള മഹായുടെ അന്വേഷണം യാതൊരു പുതുമയും , ത്രില്ലും സമ്മാനിക്കാതെ ഇടക്കൊക്കെ വിരസതയുടെ അകമ്പടിയോടെ മുന്നോട്ട് പോകുമ്പോൾ അല്പം ആശ്വാസം ഗോപി സുന്ദറിന്റെ BGM മാത്രമായിരുന്നു .

കൂടുതൽ കഥ പറഞ്ഞാൽ കാണാൻ കാത്തിരിക്കുന്നവരുടെ കാഴ്ചാനുഭവത്തെ ബാധിച്ചാലോ എന്ന ആശങ്കയിൽ അതിനു മുതിരുന്നില്ല . ഫ്ലാഷ് ബാക്കിലൂടെ ഉള്ള കഥപറച്ചിൽ വിരസമായ രീതിയിൽ ആയിപ്പോയി . തീർത്തും ദുർബലമായ തിരക്കഥയും ,

പ്രതീക്ഷയുടെ ഏഴയലത്തു പോലും എത്താത്ത അഭിനേതാക്കളുടെ പ്രകടനവും ചിത്രത്തെ ബഹുദൂരം പുറകിലാക്കി . തീയേറ്ററിൽ പൊട്ടാൻ ചാൻസ് ഉള്ള ചിത്രങ്ങൾ എടുക്കുന്ന അണിയറക്കാർക്കു ആശ്വസിക്കാം. OTT വഴി കൈപൊള്ളാതെ തടിയൂരാം എന്നതിന് തുടർ ഉദാഹരണങ്ങൾ .....

വാൽകഷ്ണം : നിശബ്ദമായി ഒഴിവാക്കുക